# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1865.** **16.02.2016 ന് മറുപടിയ്ക്ക്**

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, സണ്ണി ജോസഫ് | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശി ക്കുന്നത്; | (ബി) | ലഹരിവിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനോടൊപ്പം വർദ്ധിച്ചു വരുന്ന ലഹരി ഉപഭോഗവും അതുമൂലം ഉണ്ടാകുന്ന സാമൂഹ്യവിപത്തിനെക്കുറിച്ചും ജനങ്ങളെ ബോധവൽ ക്കരിക്കുക, വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിയിൽ നിന്നും അകറ്റി നിറുത്തുന്നതിനായി അവരെ ബോധവല്ക്കരിക്കുക, ലഹരിയുടെ അമിത ഉപയോഗം മൂലം ലഹരിക്കടിമയായ വ്യക്തികളെ അതിൽ നിന്നും പിൻതിരിപ്പിക്കുകയും അവർക്കാവശ്യമായ ലഹരിമുക്ത ചികത്സ നൽകുകയും ചെയ്യുക, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക ഊന്നൽ നൽകി ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ് ലഹരിവിരുദ്ധ ബോധവൽക്കരണ ത്തിന്റെ പരമപ്രധാന ലക്ഷ്യങ്ങൾ. മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക (Demand Reduction), അതിന്റെ ദുരിത ലഘൂകരണം (Harm Reduction), ശാസ്ത്രീയമായ പഠനം (Research, Monitoring) എന്നിവയിലൂന്നിയാണ് സുബോധത്തിന്റെ കാര്യപരിപാടികൾ നടപ്പിലാക്കി വരുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ലഹരിവിരുദ്ധ ബോധവല്ക്കരണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം നിർവ്വഹിക്കുന്നതിനായി എക്സൈസ് വകുപ്പിൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവല്ക്കരണ വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ലഹരി വിരുദ്ധ ബോധവല്ക്കരണ പ്രവർത്തനങ്ങൾ ജില്ലാതല |

ത്തിൽ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിവരുന്നത്.

മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർത്തിരിക്കുന്നു.

1. മദ്യ ലഭ്യത കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ഒരാൾക്കുകൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറച്ചു.
2. സൂര്യോദയം മുതൽ അർദ്ധരാത്രി വരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടെയും ബിയർ വൈൻ പാർലറുകളുടെയും പ്രവർത്തന സമയം 5.30 മണിക്കൂർ കുറച്ചു.
3. പുതുതായി എഫ്.എൽ.1 ഷോപ്പുകൾ ആരംഭിക്കാതിരിക്കുകയും നിലവിലുള്ള എഫ്.എൽ.1 ഷോപ്പുകളിൽ നിന്നും പ്രതിവർഷം 10% വീതം നിർത്തൽ ചെയ്തും വരുന്നു.
4. പഞ്ചനക്ഷത്ര പദവിയിലുള്ള ഹോട്ടലുകൾ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് എഫ്.എൽ.3 ലൈസൻസ് നൽകുന്നത് നിർത്തലാക്കി.
5. യുവജനങ്ങൾക്കിടയിൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മദ്യം വാങ്ങുന്നതിനും വില്ക്കുന്നതിനുമുള്ള പ്രായം 18 വയസ്സിൽ നിന്നും 21 വയസ്സായി ഉയർത്തി.
6. പുതിയ മദ്യശാലകൾ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി കൂടി നിർബന്ധമാക്കി പഞ്ചായത്ത് നിയമവും മുൻസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്തു.
7. ദുഃഖ വെള്ളിയാഴ്ചയും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ "ജൂൺ 26" ഉം ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു.

സുബോധം പദ്ധതിയുടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനായും പൂർണ്ണമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി 27.4.15 ലെ ജി.ഒ(എം.എസ്) 73/15/നി.വ. നമ്പർ ഉത്തരവ് പ്രകാരം ബഹു: മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും 25.9.2015 ലെ ജി.ഒ.(എം.എസ്) 171/15/നി.വ. നമ്പർ ഉത്തരവ് പ്രകാരം 'സുബോധം' പദ്ധതിരേഖ അംഗീകരിച്ച് നടപ്പിലാക്കി വരുന്നു.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**